ദീപിക

20 May 2017

# മത്സ്യലഭ്യതയിൽ കേരളം നാലാമത്; മത്തി കുറവ്

**വൈവിധ്യത്തിൽ കേരളം ഒന്നാമത്, കൂടുതൽ കിട്ടിയത് തിരിയാൻ**



**കൊച്ചി:** രാജ്യത്തെ മൊത്തം സമുദ്രമത്സ്യ ലഭ്യതയിൽ നേരിയ വർധനയുണ്ടായെന്നു കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) കണക്കുകൾ പുറത്തുവിട്ടു. 2015നെ അപേക്ഷിച്ച് 6.6 ശതമാനം വർധനയാണ് ഉണ്ടായിരിക്കുന്നത്. 3.63 ദശലക്ഷം ടൺ മത്സ്യമാണു കഴിഞ്ഞ വർഷം ഇന്ത്യയിൽ ലഭിച്ചത്. കേരളത്തിലും മത്സ്യലഭ്യതയുടെ കണക്കിൽ വർധനയുണ്ടായെങ്കിലും ഫലത്തിൽ മൊത്തം ഉത്പാദനത്തിൽ കേരളം നാലാം സ്ഥാനത്തേക്കു വീണു.

കേരളത്തിലെ മത്സ്യ ലഭ്യതയിൽ എട്ടു ശതമാനമാണു വർധന രേഖപ്പെടുത്തിയത്. തിരിയാൻ മത്സ്യമാണു കേരളത്തിൽ ഏറ്റവും കൂടുതൽ ലഭിച്ചത്. 5.23 ലക്ഷം ടൺ.

മത്സ്യ ലഭ്യതയിൽ ഒന്നാമത് ഗുജറാത്താണ്. തമിഴ്നാടും കർണാടകയുമാണു യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങളിൽ. 7.74 ലക്ഷം ടൺ മത്സ്യമാണു ഗുജറാത്തിൽ കഴിഞ്ഞ വർഷം ലഭിച്ചത്. തമിഴ്നാട്ടിൽ 7.05 ലക്ഷം ടൺ, കർണാടകയിൽ 5.29 ലക്ഷം ടൺ. സംസ്ഥാനങ്ങളെടുത്താൽ മത്സ്യലഭ്യതയിൽ ഏറ്റവുമധികം വർധനയുണ്ടായതു പശ്ചിമ ബംഗാളിനാണ്. 129 ശതമാനം വർധന. 2015ൽ 1.19 ലക്ഷം ടൺ ആയിരുന്നത് 2016ൽ 2.72 ലക്ഷം ടണ്ണായി ഉയർന്നു.

മത്സ്യലഭ്യതയിൽ കേരളം നാലാമതാണെങ്കിലും മത്സ്യവൈവിധ്യത്തിൽ കേരളം തന്നെയാണ് ഒന്നാമത്. കേരളത്തിൽ 487 തരം മത്സ്യങ്ങൾ ലഭിച്ചപ്പോൾ ഏറ്റവും അധികം മത്സ്യം ലഭിച്ച ഗുജറാത്തിൽ ഇത് 134 മാത്രമാണ്. മത്സ്യലഭ്യതയിൽ ഏറ്റവും കുറവ് രേഖപ്പെടുത്തിയത് പുതുച്ചേരിയിലാണ്. 0.79 ശതമാനമായിരുന്നത് 42.9 ശതമാനം കുറഞ്ഞ് 0.45 ലക്ഷം ടൺ ആയി. രണ്ടാം സ്ഥാനം അയലയ്ക്കാണ്.

അതേസമയം, മത്തിയുടെയും കിളിമീനിന്റെയും ലഭ്യതയിൽ കുറവുണ്ടായി. രാജ്യത്തു മൊത്തമായും കേരളത്തിൽ പ്രത്യേകിച്ചും മത്തി ലഭ്യത കുറഞ്ഞു. മുൻ വർഷത്തേക്കാൾ 32.8 ശതമാനം കുറഞ്ഞ് 45,958 ടൺ മത്തിയാണു കഴിഞ്ഞ വർഷം കേരളത്തിൽ ലഭിച്ചത്.

1998നു ശേഷം കേരളത്തിൽ മത്തി ഇത്രയും കുറയുന്നത് ആദ്യമാണെന്നു സിഎംഎഫ്ആർഐ വാർഷിക റിപ്പോർട്ട് അവതരിപ്പിക്കാനായി വിളിച്ചു ചേർത്ത പത്രസമ്മേളനത്തിൽ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ പറഞ്ഞു. 2015ൽ ഇത് 68,431 ആയിരുന്നു. 2012 ൽ 3.9 ലക്ഷം ടൺ മത്തി കേരള തീരങ്ങളിൽനിന്നു ലഭിച്ചിരുന്നു. 2012നു ശേഷം ഓരോ വർഷവും മത്തിയുടെ ലഭ്യത കുറഞ്ഞുവരികയാണ്.

കഴിഞ്ഞ വർഷം മാത്രം മത്തിയുടെ കുറവ് മൂലം 1,300 കോടി നഷ്ടമാണ് സംസ്ഥാനത്തുണ്ടായിട്ടുള്ളത്. 5.23 ലക്ഷം ടൺ മത്സ്യമാണ് 2016ൽ കേരള തീരത്തുനിന്ന് ആകെ ലഭിച്ചത്. 2015ൽ ഇത് 4.82 ലക്ഷം ടൺ ആയിരുന്നു. എന്നാൽ, അടുത്ത വർഷം മത്തിലഭ്യത വർധിക്കുമെന്നുള്ളതിന്റെ സൂചനകൾ കാണുന്നുണ്ടെന്നും സിഎംഎഫ്ആർഐ അധികൃതർ പറഞ്ഞു.